പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഒന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016 ജൂലൈ

പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഒന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

633/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സമിതിയുടെ ഘടന | .. v |
| 2. | റിപ്പോർട്ട് | .. 1 |
| 3. | 2016 ജൂലൈ 8-ന് കൂടിയ കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. 3 |

## കാര്യോപദേശക സമിതി

### ഘടന

എക്സ്-ഒഫീഷ്യോ ചെയർമാൻ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ (സ്പീക്കർ)

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ

,, ഇ. ചന്ദ്രശേഖരൻ

,, പി. കെ. കുഞ്ഞാലിക്കുട്ടി

,, കെ. എം. മാണി

,, മാത്യു ടി. തോമസ്

,, രമേശ് ചെന്നിത്തല

,, എ. കെ. ശശീന്ദ്രൻ

,, പിണറായി വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്.

# റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2016 ജൂലൈ 8-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സമിതിയുടെ ശിപാർശകൾ താഴെ കൊടുത്തിരിക്കുന്നു:

2016 ജൂലൈ 14, 15, 18, 19 എന്നീ തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 2016 ജൂലൈ 14, വ്യാഴം | .. | (1) വോട്ട് ഓൺ അക്കൗണ്ട്—ചർച്ചയും വോട്ടെടുപ്പും<br>(2) 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും (ചർച്ച അവസാനിപ്പിക്കുന്നതാണ്) |
| 2016 ജൂലൈ 15, വെള്ളി | .. | ഗവൺമെന്റ് കാര്യവും അനൗദ്യോഗിക അംഗങ്ങളുടെ കാര്യവും |
| 2016 ജൂലൈ 18, തിങ്കൾ | .. | (1) <u>സ്റ്റാറ്റ്യൂട്ടറി പ്രമേയം:</u> 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നോട്ടീസ് നൽകിയത്<br>(സ്കൂളുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച്)<br>(2) <u>രാവിലെ 10.30 മുതൽ ഉച്ചയ്ക്കുശേഷം 12.30 വരെ ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച:</u> സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ സംബന്ധിച്ച്<br>(മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നോട്ടീസ് നൽകിയത്)<br>(3) <u>ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ:</u> 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും |

| | | |
|---|---|---|
| 2016 ജൂലൈ 19, ചൊവ്വ | .. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും (ചർച്ച അവസാനിപ്പിക്കുന്നതാണ്) |

2016 ജൂലൈ 14-ാം തീയതിയിലെ കാര്യപരിപാടി പൂർത്തീകരിക്കുന്നതിനായി ഉച്ചയ്ക്ക് 1.30-ന് ശേഷവും സഭ തുടരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 ജൂലൈ 11.

പിണറായി വിജയൻ,
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

## അനുബന്ധം

## 2016 ജൂലൈ 8-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2016 ജൂലൈ 8-ാം തീയതി, വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. എ. കെ. ബാലൻ
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. കെ. എം. മാണി
5. ശ്രീ. രമേശ് ചെന്നിത്തല
6. ശ്രീ. എ. കെ. ശശീന്ദ്രൻ
7. ശ്രീ. പിണറായി വിജയൻ
8. ശ്രീ. സി. കെ. നാണു (പ്രത്യേക ക്ഷണപ്രകാരം)
9. ശ്രീ. ഒ. രാജഗോപാൽ (പ്രത്യേക ക്ഷണപ്രകാരം)
10. ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ (പ്രത്യേക ക്ഷണപ്രകാരം)
11. ശ്രീ. എസ്. ശർമ്മ (പ്രത്യേക ക്ഷണപ്രകാരം)
12. ശ്രീ. വി. ഡി. സതീശൻ (പ്രത്യേക ക്ഷണപ്രകാരം)
13. ശ്രീ. വി. എസ്. സുനിൽ കുമാർ (പ്രത്യേക ക്ഷണപ്രകാരം)

### നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി

2016 ജൂലൈ 14, 15, 18, 19 എന്നീ തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | | |
|---|---|---|
| 2016 ജൂലൈ 14, വ്യാഴം | .. | (1) വോട്ട് ഓൺ അക്കൗണ്ട്—ചർച്ചയും വോട്ടെടുപ്പും<br>(2) 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും (ചർച്ച അവസാനിപ്പിക്കുന്നതാണ്) |
| 2016 ജൂലൈ 15, വെള്ളി | .. | ഗവൺമെന്റ് കാര്യവും അനൗദ്യോഗിക അംഗങ്ങളുടെ കാര്യവും |
| 2016 ജൂലൈ 18, തിങ്കൾ | .. | (1) സ്റ്റാറ്റ്യൂട്ടറി പ്രമേയം: 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നോട്ടീസ് നൽകിയത്<br>(സ്കൂളുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച്)<br>(2) രാവിലെ 10.30 മുതൽ ഉച്ചയ്ക്കുശേഷം 12.30 വരെ ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച: സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ സംബന്ധിച്ച്<br>(മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നോട്ടീസ് നൽകിയത്)<br>(3) ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ: 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും |
| 2016 ജൂലൈ 19, ചൊവ്വ | .. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്) |

2016 ജൂലൈ 14-ാം തീയതിയിലെ കാര്യപരിപാടി പൂർത്തീകരിക്കുന്നതിനായി ഉച്ചയ്ക്ക് 1.30-ന് ശേഷവും സഭ തുടരണമെന്ന് ശിപാർശ ചെയ്യാനും സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു.